**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി യാരാ എബ്രഹാം ന് അസിസ്റ്റന്റ് എൻജിനീയർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം.254/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.02.2019

---

പരാമർശം:- 1. 28.06.2000 ലെ 5966/Adv.C3/2000/P&ARD നമ്പർ സർക്കുലർ

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.12.2018 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

3 ശ്രീമതി. യാരാ എബ്രഹാം സമർപ്പിച്ച 03.01.2019 ലെ അപേക്ഷ.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.01.2019 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

5 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.01.2019 ലെ ഇ 3-4400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയി തിരഞ്ഞെടുക്കപ്പെട്ടുകയും, തുടർന്ന് സൂചന 2 പ്രകാരം കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിൽ നിയമിക്കപ്പെട്ടുകയും ചെയ്ത ശ്രീമതി യാരാ എബ്രഹാം, ഇപ്പോൾ എറണാകുളം ഗവ. ലോ കോളേജിൽ 3 വർഷ എൽ.എൽ.ബി കോഴ്സ് പഠിച്ചുകൊണ്ടിരിക്കുകയാണെന്നും ആയതിനാൽ പ്രസ്തുത കോഴ്സ് പൂർത്തീകരിക്കുന്നതിനായി സർവീസിൽ പ്രവേശിക്കുന്നതിന് 31.10.2020 വരെ സമയം നീട്ടി നൽകണമെന്നും സൂചന 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ടിയാൾ ഇത് സംബന്ധിച്ച കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകയ്ക്ക് സൂചന 4 പ്രകാരം 04.04.2019 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 31.10.2020 വരെ സമയപരിധി നീട്ടുന്നതിന് സൂചന 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം നിലവിലുള്ള വ്യവസ്ഥകളുടെ വെളിച്ചത്തിൽ ശ്രീമതി യാരാ എബ്രഹാമിന്, KS&SSR ഭാഗം II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ എന്ന

വ്യവസ്ഥയിൽ സർവീസിൽ പ്രവേശിക്കുന്നതിന് 31.10.2020 വരെ സമയ ദൈർഘ്യം അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ 01.11.2020 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത് വി.പി.**
അണ്ടർ സെക്രട്ടറി

1 ശ്രീമതി യാരാ എബ്രഹാം, യോബൽ, No.XXIV – 127, തിരുവാതുക്കൽ, കോട്ടയം വെസ്റ്റ് പി.ഒ., കോട്ടയം- 686 003 (*തദ്ദേശ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.